Weekly Newspaper National Edition From Chicago

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Price $1.00

2050 W. Devon Avenue, Chicago, Illinois 60659 Tel: 773 465 5359 (Off.) 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 03, 2012 | Vol. XX No. 05 | Periodicals Postage Paid

4 സുകുമാർ അഴീക്കോടിനു വിട

5 നിക്ഷേപകരെ വഞ്ചിച്ചാൽ പത്തുവർഷം തടവ്

6 മുസ്ലിം മേൽത്തട്ടിനു സംവരണം വേണ്ട: സി.പി.എം

7 കേരള വികസനത്തിന് പത്തു മുൻഗണനാ വിഷയങ്ങൾ

11 വായ്പാ പലിശ കുറയാൻ സാധ്യത

## കെ.സി.സി.എൻ.എ കൺവൻഷന് ചിക്കാഗോയിൽ നിന്നും റിക്കാർഡ് രജിസ്ട്രേഷൻ



കൺവൻഷൻ ഡയമണ്ട് സ്പോൺസർ മാത്യു പൂത്തുറയിൽ നിന്നു ഡയമണ്ട് സ്പോൺസർഷിപ്പ് ഫാ. ജോർജ് വള്ളൂരാറ്റിൽ സ്വീകരിക്കുന്നു. ഇടത്തുനിന്ന്: മത്തിയാസ് പുല്ലാപ്പള്ളിൽ, ഷിജു ചെറിയത്തിൽ, ജോമോൻ തൊടുകയിൽ, തങ്കച്ചൻ വെട്ടിക്കാട്ടിൽ, ടോമി മ്യാൽക്കരപ്പുറത്ത്, ജെയിംസ് ഇല്ലിക്കൽ, സിറിയക് കൂവക്കാട്ടിൽ, ബിജു പൂത്തുറയിൽ, ബിനോയി, ബിനു പൂത്തുറയിൽ, ജിഷ, ബിൻസി, ജിജോ സൈമൺ മുട്ടത്തിൽ എന്നിവർ സമീപം. (വാർത്ത 13-ാം പേജിൽ)

## തോമസ് ചാഴികാടൻ ചുമതലയേറ്റു

കേരള ഷോപ്സ് ആൻഡ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ ആയി മുൻ എം.എൽ.എ.യും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയുമായ തോമസ് ചാഴികാടൻ ചുമ



തലയേറ്റു. കേരളത്തിലെ വ്യാപാര വാണിജ്യ രംഗത്ത് ജോലി ചെയ്യുന്ന 10 ലക്ഷത്തിലധികം ജീവനക്കാർക്കു വേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ചക്ഷേമ പദ്ധതിയാണിത്.

## കേരള ഗവർണർ എം ഒ എച്ച് ഫാറൂഖിന് അന്ത്യാഞ്ജലി

പുതുച്ചേരി: കേരള ഗവർണർ എം.ഒ.എച്ച് ഫാറൂഖിന് (74) അന്ത്യാഞ്ജലി. ന്യൂനപക്ഷ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി യത്നിച്ച അദ്ദേഹത്തിന് കേരളവും പുതുച്ചേരിയും വിടചൊല്ലി. ജനുവരി 27-ന് വൈകിട്ട് 4.30-ന് പുതുച്ചേരിയിലെ ഉപ്പളം ജൂമാ മസ്ജിദിൽ ആയിരുന്നു കബറടക്കം. കേരള-പുതുച്ചേരി സർക്കാരുകളുടെ പൂർണ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു ചടങ്ങുകൾ. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ നാലു മന്ത്രിമാരും സ്പീക്കറും ഉൾപ്പെടെയുള്ള പ്രതിനിധി സംഘം ആദരാഞ്ജലി അർപ്പിക്കാനെത്തി. കേന്ദ്രമന്ത്രിമാരായ എ.കെ. ആന്റണിയും ഇ. അഹമ്മദും ഡൽഹിയിൽ നിന്ന് പ്രത്യേക വിമാനത്തിലെത്തി.

ജനുവരി 26-ന് രാത്രി 9.10-ന് ചെന്നൈ അപ്പോളോ കാൻസർ ആശുപത്രിയിലായിരുന്നു അന്ത്യം. ഡിസംബർ നാലു മുതൽ ചികിത്സയിലായിരുന്നു. 27-ന് പുലർച്ചെ രണ്ടു മണിയോടെ മൃതദേഹം പുതുച്ചേരി ബീച്ച് റോഡിലെ വസതിയിലെത്തിച്ചു. സ്പീക്കർ ജി. കാർത്തികേയൻ, മന്ത്രിമാരായ കെ.സി. ജോസഫ്, വി.കെ. ഇബ്രാഹിംകുഞ്ഞ്, എം.കെ. മുനീർ, അടൂർ പ്രകാശ്, കെപിസിസി പ്രസിഡണ്ട് രമേശ് ചെന്നിത്തല, അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാർ, ഡിജിപി ജേക്കബ് പുന്നൂസ് എന്നിവർ അന്ത്യോപചാരമർപ്പിച്ചു. ആന്റ



ണിയും അഹമ്മദും പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെയും യുപിഎ അദ്ധ്യക്ഷ സോണിയ ഗാന്ധിയുടെയും എഐസിസി ജനറൽ സെക്രട്ടറി രാഹുൽഗാന്ധിയുടെയും അനുശോചനം ഫാറൂഖിന്റെ ബന്ധുക്കളെ അറിയിച്ചു.

കേന്ദ്രമന്ത്രി വി. നാരായണസ്വാമി, പുതുച്ചേരി മുഖ്യമന്ത്രി എൻ. രംഗസ്വാമി, ലഫ്. ഗവർണർ ഇക്ബാൽ സിംഗ്, മുൻ മുഖ്യമന്ത്രിമാരായ വി. വൈദ്യലിംഗം, ജാനകീരാമൻ, മന്ത്രിമാരായ ചന്ദ്രഹാസൻ, രാജുവേൽ, ത്യാഗരാജൻ, പനീർസെൽവം, മുൻമന്ത്രി ഇ. വൽസരാജ്, മുൻ കേന്ദ്രമന്ത്രി ഇ.വി.കെ.എസ് ഇളങ്കോവൻ, പുതുച്ചേരി ചീഫ് സെക്രട്ടറി സരസ്വതി, പിഎംകെ സ്ഥാപക പ്രസിഡണ്ട് എസ്. രാമദാസ് തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു.

ഫ്രഞ്ച് കോളനിയായിരുന്ന പോണ്ടിച്ചേരിയുടെ വിമോചനത്തിനായുള്ള പോരാട്ടത്തിലൂടെ പൊതുരംഗത്തെത്തിയ ഫാറൂഖ്, സംസ്ഥാനത്ത് കോൺഗ്രസിന്റെ വളർച്ചയ്ക്കു കൈത്താങ്ങായി പ്രവർത്തിച്ചു. തൊട്ടടുത്ത സംസ്ഥാനങ്ങളിൽ പ്രാദേശികവാദവും ഭാഷാ രാഷ്ട്രീയവും ശക്തമായപ്പോൾ ദേശീയ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ പുതുച്ചേരിയെ അദ്ദേഹം ഉറപ്പിച്ചു നിർത്തി. ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ദേശീയ ശ്രദ്ധയിലെത്തിക്കാൻ എപ്പോഴും പരിശ്രമിച്ചു. മൂന്നുവട്ടം പുതുച്ചേരി മുഖ്യമന്ത്രിയായപ്പോഴും വികസനമായിരുന്നു മുഖ്യ അജണ്ട.

1967-ൽ 29 വയസിൽ ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും പ്രായംകുറഞ്ഞ മുഖ്യമന്ത്രിയായി ഫാറൂഖ് ചുമതലയേറ്റു. പിന്നീട് 1969-ലും 1985-ലും മുഖ്യമന്ത്രിയായി. 1991-ൽ കേന്ദ്ര വ്യോനയാന മന്ത്രിയായി. 96, 99 വർഷങ്ങളിലും പോണ്ടിച്ചേരിയിൽ നിന്ന് ലോക്സഭയിലെത്തി. 2004-ൽ സൗദി അറേബ്യയിൽ ഇന്ത്യൻ സ്ഥാനപതിയായപ്പോൾ പ്രവാസി മലയാളികളുടെ ക്ഷേമത്തിനുവേണ്ടി നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായിരുന്നു. 2010-ൽ ജാർഖണ്ഡ് ഗവർണറായ ഫാറൂഖ് 2011 സെപ്റ്റംബർ എട്ടിനു കേരള ഗവർണറായി. ഭാര്യ: പരേതയായ ഖദീജ നാച്ചിയാർ. മക്കൾ: പുതുച്ചേരി മുൻ വിദ്യാഭ്യാസമന്ത്രി എം.ഒ.എച്ച്. ഷാജഹാൻ, മാലിക, യാസ്മിൻ.

## വിലക്കിനെതിരെ മാധവൻ നായർ

ബാംഗ്ലൂർ: താനുൾപ്പെടെ നാല് ശാസ്ത്രജ്ഞർക്ക് ഏർപ്പെടുത്തിയ വിലക്ക് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ടി. മാധവൻ നായർ പ്രധാനമന്ത്രിക്ക് കത്ത് എഴുതി. വിലക്കിനെക്കുറിച്ച് നേരിട്ട് യ



ാതൊരു വിധ മുന്നറിയിപ്പും നൽകിയിട്ടില്ലെന്നും വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ടല്ലെന്നുമാണ് കത്തിൽ പ്രധാനമായും മാധവൻ നായർ ഉന്നയിച്ചിരിക്കുന്നത്. (ശേഷം 36-ാം പേജിൽ)

## ഹൈബിയും അന്നയും വിവാഹിതരായി



കൊച്ചി: ഹൈബി ഈഡൻ എം.എൽ.എയും അന്നയും വിവാഹിതരായി. ജനുവരി 30നു വൈകിട്ട് നാലിന് കലൂർ സെയിന്റ് ഫ്രാൻസീസ് സേവ്യർ പള്ളിയിലായിരുന്നു വിവാഹം. അതിനുശേഷം ഗോഗുലം കൺവൻഷൻ സെന്ററിൽ സ്വീകരണം നടന്നു. ഗുരുവായൂർ താമരയൂരിൽ വാഴപ്പിള്ളി വീട്ടിൽ ജോസിന്റെയും ജാൻസിയുടെയും മകളാണ് അന്നാ ലിന്റ.

സ്വകാര്യ ചാനൽ അവതാരികയായിരുന്ന അന്ന ചാനൽ അഭിമുഖത്തിലൂടെയാണ് ഹൈബിയുടെ മനസിൽ ഇടം കണ്ടെത്തിയത്. കെ.എസ്.യുവിന്റെ സംസ്ഥാന പ്രസിഡണ്ടായിരുന്നു ഹൈബി അന്ന്. ഒരു വർഷത്തിനുശേഷമാണ് ഇരുവരും വീണ്ടും കണ്ടുമുട്ടുന്നത്. ഹൈബി അപ്പോൾ എൻ.എസ്.യു. പ്രസിഡണ്ടായിരുന്നു. അന്ന എഫ്.എം. റേഡിയോയിലേക്കും മാറിയിരുന്നു. ഇരുവരുടെയും മനസിൽ പ്രണയം കതിരിടുന്നത് ഈ കൂടിക്കാഴ്ചയിലാണ്. കലാരംഗത്തെ തിളങ്ങുന്ന താരമായിരുന്നു അന്ന. കഥകളി, (ശേഷം 36-ാം പേജിൽ)